ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/266/2025-DP4 (DPA) തീയതി:27-02-2025

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - ടി കെ എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്- അതിഥി അദ്ധ്യാപകരുടെ ശമ്പളബിൽ അതാത് മാസങ്ങളിൽ തന്നെ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ജോയിൻറ് ഡയറക്ടർ (IIIC) ഡോ,ആശാലത ആർ യുടെ ഫയൽ നിർദ്ദേശം
2.28.01.2025 ലെ സ.ഉ.(സാധാ) നം.139/2025/HEDN സർക്കാർ ഉത്തരവ്

ഈ വകുപ്പിന് കീഴിൽ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ ടികെഎം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും അതിഥി അദ്ധ്യാപകരുടെ ശമ്പളബിൽ ലഭ്യമാക്കുന്നത് 3 മുതൽ 4 മാസങ്ങൾ പിന്നിടുമ്പോൾ മാത്രമാണ് ഈകാര്യാലയത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല ചിലസന്ദർഭങ്ങളിൽ 3 മുതൽ 4 മാസങ്ങളിലെ ബില്ലുകൾ ഒരുമിച്ച്, മേലൊപ്പ് ചാർത്തുന്നതിനും സ്പർക്ക്അപ്പ്രൂവൽ ലഭിക്കുന്നതിനായി സമർപ്പിക്കുന്നതും പതിവാണ്. ഇത്തരത്തിൽ ബില്ലുകൾ സമർപ്പിക്കുന്നതിനാൽ ടി ബില്ലുകൾ വേണ്ടവിധം പരിശോധിക്കുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും ടി അദ്ധ്യാപകരുടെ ശമ്പളം അതത് മാസങ്ങളിൽ തന്നെ ലഭ്യമാകാതിരിക്കുന്നതിനും, തന്മൂലം നിരവധി പരാതികൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. മേൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്തു അതിഥി അദ്ധ്യാപകരുടെ ശമ്പള ബില്ലുകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി ചുവടെ പറയുന്ന വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

1. അതിഥി അദ്ധ്യാപകരുടെ തൻ മാസത്തെ ശമ്പളബിൽ തൊട്ടടുത്ത മാസത്തെ മൂന്നാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നു എന്ന് പ്രിൻസിപ്പാൾ ഉറപ്പുവരുത്തേണ്ടതാണ്.
2. അതിഥി അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടത് സൂചന 2 പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടു മാത്രമായിരിക്കണം
3. ശനിയാഴ്ചകളിൽ അതിഥി അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി അക്കാദമിക് പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യം നേരിടുകയാണെങ്കിൽ പ്രസ്തുതവിവരം രേഖാമൂലം അറിയിച്ച് വകുപ്പിൻറെ മുൻകൂർ അനുമതി നിർബന്ധമായും നേടിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം ബില്ലുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും
4. അതിഥി അദ്ധ്യാപകരുടെ സേവനം അക്കാദമിക് പ്രവർത്തനങ്ങൾക്കല്ലാതെ മറ്റ് ഡ്യൂട്ടികൾക്ക് ഉപയോഗപ്പെടുത്തുകയാണെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ

അനുമതി ലഭ്യമാക്കി യിട്ടുണ്ട് എന്ന് പ്രിൻസിപ്പൽ ഉറപ്പ് വരുത്തേണ്ടതാണ് .

5. ബില്ലിനോടപ്പം ആവശ്യപ്പെടുന്ന ഉത്തരവുകൾ, മാസ്റ്റർ ടൈം ടേബിൾ എന്നിവ കൃത്യമായും ഉള്ളടക്കം ചെയ്യേണ്ടതും വകുപ്പ് ആവശ്യപ്പെടുന്ന ഏതൊരു രേഖയും കാലതാമസം കൂടാതെ സമർപ്പിക്കേണ്ടതുമാണ്.
6. ബിൽ ജനറേറ്റ് ചെയ്യുന്ന തീയതി സമർപ്പിക്കപ്പെടുന്ന എല്ലാ ബില്ലിലും നിർബന്ധമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ബില്ലുകൾ സമർപ്പിക്കുവാൻ കാലതാമസം വരുന്നതുകൊണ്ടും, ആവശ്യപ്പെടുന്ന രേഖകളുടെ അപര്യാപ്തതകൊണ്ടും നടപടികൾ വൈകുന്നത് മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് സ്ഥാപന മേധാവി മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

Ashalatha R
JOINT DIRECTOR (IIIC)

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം .
2. ചെയർമാൻ, ഭരണസമിതി, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം
3. **C.A** , ജോയിൻറ് ഡയറക്ടർ (ഐ.ഐ.ഐ.സി)
4. അക്കൌണ്ട്സ് ഓഫീസർ (**DPA** സെക്ഷൻ)
5. സൂപ്രണ്ട് (**DPA** സെക്ഷൻ)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ashalatha R
Date: 27-02-2025 16:51:24